# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3385** — **18/02/2013 - ലെ മറുപടിയ്ക്ക്**

## കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാലാവസ്ഥാ മാറ്റത്തിന്റെ ഫലമായി കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനായി കേരളത്തിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നുണ്ടോ എന്നു പറയാമോ ; ഏതെല്ലാം വിളകൾക്കാണ് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നത് എന്നു പറയാമോ ; | (എ) കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. കേന്ദ്രകൃഷി മന്ത്രാലയവും സംസ്ഥാന കൃഷി വകുപ്പും പൊതുമേഖലയിലുള്ള അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യയും സംയുക്തമായി ഓരോ സീസണിലും (ഖാരിഫ് സീസണിലും റാബി സീസണിലും) പുറപ്പെടുവിക്കുന്ന വിജ്ഞാപനമനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നു. ഓരോ സീസണിലും ഏതൊക്കെ വിളകൾക്ക് ഏതൊക്കെ ജില്ലകളിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു എന്നത് വിശദമായി വിജ്ഞാപനത്തിലുണ്ടാകും.<br><br>ഖാരിഫ് 2012 സീസണിൽ പാലക്കാട് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ നെൽകൃഷിക്കും, ഇടുക്കി, വയനാട് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ കുരുമുളകിനുമാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. റാബി 2012 സീസണിൽ പാലക്കാട് ജില്ലയിൽ വേനൽക്കാല നെൽക്കൃഷിയ്ക്കും, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകളിൽ കശുമാവിനും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. |
| (ബി) കാർഷിക വിളകൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കുന്നതെന്നും പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിന് കർഷകർ ചെയ്യേണ്ടത് എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ; | (ബി) കാർഷിക വിളകൾക്കായുള്ള സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും സമഗ്ര നെൽകൃഷി വിള ഇൻഷ്വറൻസ് പദ്ധതിയും, ദേശീയ വിള ഇൻഷ്വറൻസ് പദ്ധതിയും സംസ്ഥാന ത്തൊട്ടാകെ നടപ്പിലാക്കുന്നു. നാളികേര വിള ഇൻഷ്വറൻസ് പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, , കോഴിക്കോട് ജില്ലകളിൽ നടപ്പിലാക്കുന്നു. |

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഖാരീഫ് 2012 സീസണിൽ പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിലും റാബി 2012 സീസണിൽ പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകളിലും നടപ്പിലാക്കുന്നു.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, സമഗ്ര നെൽകൃഷി വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയിൽ ചേരുന്നതിന് കർഷകർ അതാത് പ്രദേശത്തെ കൃഷിഭവനുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട ഫോമിൽ അപേക്ഷ നൽകുകയും പ്രീമിയം തുക സ്ഥലത്തെ സഹകരണ ബാങ്കിലോ ഗ്രാമീണ ബാങ്കിലോ അടയ്ക്കണം. പ്രീമിയം അടച്ച രസീത് കൃഷിഭവന് നൽകണം. ആയതിന്റെ അടിസ്ഥാനത്തിൽ പോളിസി കർഷകന് നൽകും. ദേശീയ വിള ഇൻഷ്വറൻസ്, നാളികേര വിള ഇൻഷ്വറൻസ്, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് എന്നീ പദ്ധതികളിൽ പ്രീമിയം തുക അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനിക്ക് ആണ് നൽകേണ്ടത്.

**(സി)** ഇടക്കാല വിളകളെയും പച്ചക്കറി കൃഷിയെയും ഈ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

**(സി)** നടപടി സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി 20/12/2012 - ന് കൃഷി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഒരു യോഗം കൂടുകയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ, പുതുതായി താഴെപ്പറയുന്ന വിളകളെക്കൂടി ഒരോ ജില്ലയിലും വിളകളുടെ കൃഷി വിസ്തൃതിയെ അടിസ്ഥാനമാക്കി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | **നെല്ല്** | - | **എല്ലാ ജില്ലകളിലും** |
| 2 | **തെങ്ങ്** | - | **എല്ലാ ജില്ലകളിലും** |
| 3. | **വാഴ** | - | **എല്ലാ ജില്ലകളിലും** |
| 4. | **കമുക്** | - | **മലപ്പുറം, കണ്ണൂർ ജില്ലകളിൽ** |
| 5. | **കുരുമുളക്** | - | **എല്ലാ ജില്ലകളിലും** |
| 6. | **കശുമാവ്** | - | **തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം.** |

| | | | |
|---|---|---|---|
| 7. | ഇഞ്ചി | - | ഇടുക്കി, വയനാട്, പാലക്കാട് |
| 8 | മഞ്ഞൾ | - | ഇടുക്കി, വയനാട്, പാലക്കാട് |
| 9 | പൈനാപ്പിൾ | - | എറണാകുളം, കോട്ടയം |
| 10 | കരിമ്പ് | - | പാലക്കാട്, പത്തനംതിട്ട, ഇടുക്കി |
| 11 | ഏലം | - | ഇടുക്കി |
| 12 | റബ്ബർ | - | എല്ലാ ജില്ലകളിലും |
| 13 | കാപ്പി | - | വയനാട്, ഇടുക്കി |
| 14 | തേയില | - | പാലക്കാട്, വയനാട്, ഇടുക്കി, കോട്ടയം |
| 15 | കൊക്കോ | - | ഇടുക്കി, കോട്ടയം |
| 16 | വെറ്റില | - | തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം, കൊല്ലം |
| 17 | മാവ് | - | പാലക്കാട്, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം |
| 18 | പച്ചക്കറികൾ | - | വി.എഫ്.പി.സി.കെ. യുടെ നിർദ്ദേശാനുസരിച്ചുള്ള കൃഷിയിടങ്ങൾ |

സെക്ഷൻ ഓഫീസർ